# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2562      12.02.2019-ൽ മറുപടിക്ക്

## വനാവകാശ നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ടി.ബൽറാം<br>,, ഹൈബി ഈഡൻ<br>,, കെ.മുരളീധരൻ<br>,, ഐ.സി.ബാലകൃഷ്ണൻ : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി ലഭ്യമാക്കുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | എ) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുന്നതിന് എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവ് തടസ്സമാണ്. എങ്കിലും വിവിധ ഫാമുകളുടെ കൈവശമുള്ള ഭൂമി, നിക്ഷിപ്ത വനഭൂമി എന്നിവ വിതരണം ചെയ്ത് ഒരേക്കർ ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| ബി) | വനാവകാശ നിയമം പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന് ഇനിയും അപേക്ഷ സമർപ്പിക്കാത്തവർ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ; | ബി) | വനാവകാശ നിയമം പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനായി ഇനിയും അപേക്ഷ സമർപ്പിക്കാത്തവർ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി അപേക്ഷ സമർപ്പിക്കുന്നതിന് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവർ മുഖേന ഈ സർക്കാർ വന്നശേഷം നടപടി സ്വീകരിച്ചിരുന്നു. അപ്രകാരം ലഭിച്ച അപേക്ഷകളിൽ നടപടികൾ സ്വീകരിച്ച് വരുന്നു. |
| സി) | കണ്ണൂർ, മലപ്പുറം, വയനാട് ജില്ലകളിൽ ഭൂരഹിതർക്ക് നൽകുവാൻ വനം വകുപ്പ് ഭൂമി കൈമാറി നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര ഏക്കർ ഭൂമി കൈമാറിയെന്ന് വിശദമാക്കുമോ ; | സി) | കണ്ണൂർ, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ കേന്ദ്രാനുമതി ലഭിച്ചതിൽ മലപ്പുറത്ത് 74.73 ഏക്കർ, വയനാട് 2688 ഏക്കർ എന്നിങ്ങനെ വിതരണം ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ വാസയോഗ്യമായ ഭൂമിയില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 25 ഏക്കർ ഭൂമി റവന്യൂ വകുപ്പിന് |

| | | | |
|---|---|---|---|
| | | | കൈമാറിയിട്ടുണ്ട്. അവശേഷിക്കുന്ന ഭൂമി വനം വകുപ്പ് വിട്ടു നൽകേണ്ടതുണ്ട്. |
| ഡി) | വനഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി എപ്രകാരമാണ് ലഭ്യമാക്കുന്നത്; | ഡി) | നിക്ഷിപ്ത വനഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിലുള്ള ഭൂരഹിതർക്ക് ഭൂമി കണ്ടെത്തി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. |
| ഇ) | ഇതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ? | ഇ) | ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്നത് സംബന്ധിച്ച് 03.03.2018-ലെ സ.ഉ.(എം.എസ്)നം.21/2018/പജപവവിവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഭൂവുടമകളിൽ നിന്നും ഭൂമി നോട്ടിഫിക്കേഷനിലൂടെ കണ്ടെത്തി ഭൂമി പരിശോധന നടത്തി അനുയോജ്യമായ ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി 689 ഭൂവുടമകളിൽ നിന്നും 1674.77 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**